ഉത്തരം

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചേമഞ്ചേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് & സ്റ്റെബ്സ് അസോസിയേഷൻ ചേമഞ്ചേരി യൂണിറ്റ്, തിരുവങ്ങൂർ എച്ച്.എസ്.എസ്. സോഷ്യൽ സയൻസ് ക്ലബ് കൺവീനർ മുതലായവരിൽനിന്ന് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. കൂടാതെ, ഈ വിഷയത്തിൽ ബഹു. കൊയിലാണ്ടി എം.എൽ.എ. ശ്രീ. കെ. ദാസൻ, ബഹു. രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് 3-5-2013, 30-7-2015 എന്നീ തീയതികളിൽ കത്തുകളും നൽകിയിട്ടുണ്ട്. 12842/ഇ 3/2013/നി.വ. നമ്പരിലുള്ള ഫയൽ ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ ഇപ്പോഴുണ്ട്. ഈ ഫയലിൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് 12-6-2013, 17-8-2015 തീയതികളിൽ കത്തുകൾ നൽകിയിരുന്നു. ആയതിന് സർക്കാരിൽ ഒരു ഇടക്കാല മറുപടി ലഭ്യമായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച മറ്റ് നിവേദനങ്ങൾ ലഭ്യമായപ്പോൾ ആയവ തുടർ നടപടികൾക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അയച്ചു കൊടുക്കുകയാണുണ്ടായത്.

(ബി) കിറ്റ് ഇന്ത്യാ പ്രക്ഷോഭവുമായി ബന്ധപ്പെട്ട പഴയ കെട്ടിടം ഇപ്പോൾ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണ്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ടി സ്ഥലം രജിസ്ട്രേഷൻ വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം രജിസ്ട്രേഷൻ വകുപ്പിന്റെ പേരിൽ ലഭ്യമായതിനുശേഷം മാത്രമേ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

പാലക്കാട് വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

231(3117) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5-1-2013-ലെ സ.ഉ.(സാധാ)നം. 21/2013/നി.വ. പ്രകാരം വടക്കഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്. പാലക്കാട് ആർ.ഡി.ഒ.-യുടെ 27-9-2006-ലെ സി.4344/ 2005-ാം നമ്പർ ഉത്തരവുപ്രകാരം ടി കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത വസ്തുവിന്റെ സമീപ വസ്തുക്കളുടെ ഉടമസ്ഥരായ ശ്രീ. വി. എം. ജോർജ്ജ്, ശ്രീ. തോമസ് സിറിയക്ക് എന്നിവർ ചേർന്ന്, സർക്കാർ അവരുടെ സ്ഥലം കൈയ്യേറിയെന്നു കാണിച്ച് ആലത്തൂർ മുൻസിഫ് കോടതിയിൽ OS-402/ 2013-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി 24-11-2015-ൽ അഭിഭാഷക കമ്മീഷൻ സ്ഥലം സന്ദർശിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ ആയിട്ടില്ല.

(സി) ടി കേസിന്മേൽ രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായ വിധി വന്നതിനു ശേഷമേ കെട്ടിട നിർമ്മാണ നടപടികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ.

ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്

232(3118) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?